**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3022** **25-10-2021 - ല്‍ മറുപടിയ്ക്ക്**

**നിലമ്പൂര്‍ സെക്ഷന്‍ ഓഫീസിന് വാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അന്‍വര്‍** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂര്‍ മണ്ഡലത്തില്‍ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ കിലോമീറ്റര്‍ ഉള്‍പ്പെടെയുള്ള വിവരങ്ങള്‍ ലഭ്യമാക്കാമോ; ആകെ എത്ര കി.മി. പൊതുമരാമത്ത് റോഡുകളാണ് നിലമ്പൂരിലുള്ളതെന്നും അറിയിക്കാമോ; | (എ) | നിലമ്പൂര്‍ മണ്ഡലത്തിലെ പൊതുമരാ മത്ത് വകുപ്പ് സെക്ഷന്‍ ഓഫീസിനു കീഴില്‍ സംസ്ഥാന പാത 60.6 കി.മീറ്ററും, പ്രധാന ജില്ലാ റോഡുകള്‍ 203.625 കി.മി ആണ് ഉള്ളത്. ഇതില്‍ 202.035 കി.മി പൊതുമരാമത്ത് റോഡുകള്‍ നിലമ്പൂര്‍ മണ്ഡലത്തിലുണ്ട്. |
| (ബി) | നിലമ്പൂര്‍ സെക്ഷന്‍ ഓഫീസിലെ ജീവനക്കാര്‍ ഓഫീസ് വാഹനം ഇല്ലാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പൊതുമരാമത്ത് വകുപ്പ് സെക്ഷന്‍ ഓഫീസുകള്‍ക്ക് ഓഫീസ് വാഹനങ്ങള്‍ അനുവദിക്കാറുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിലവില്‍ സബ്ഡിവിഷന്‍ വരെയുള്ള ഓഫീസുകള്‍ക്കാണ് സര്‍ക്കാര്‍ വാഹനം അനുവദി ച്ചിട്ടുള്ളത്. സബ്ഡിവിഷന്‍ ഓഫീസു കളുമായി സഹകരിച്ച് സെക്ഷന്‍ ഓഫീസുകള്‍ വാഹനങ്ങള്‍ പങ്കിട്ട് ഉപയോഗിക്കുന്നുണ്ട്. |
| (സി) | നിലമ്പൂര്‍ സെക്ഷന് കീഴിലെ ജീവനക്കാര്‍ ഔദ്യോഗിക പരിശോധനകള്‍ക്കും സ്ഥലസന്ദര്‍ശനങ്ങള്‍ക്കും സ്വകാര്യ വാഹനങ്ങളെയാണോ ആശ്രയിക്കുന്നതെന്നും ആയതിന്റെ ചെലവുകള്‍ ജീവനക്കാര്‍ വ്യക്തിപരമായിട്ടാണോ വഹിക്കുന്നതെന്നും അറിയിക്കാമോ; | (സി) | നിലമ്പൂര്‍ സെക്ഷന് കീഴിലെ ജീവനക്കാര്‍ ഔദ്യോഗിക ആവശ്യങ്ങള്‍ക്ക് സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കുന്നുണ്ട്. |
| (ഡി) | മലയോര പ്രദേശമായതിനാലും മണ്ണിടിച്ചില്‍ ഭീഷണിയുള്ളതും അന്തര്‍സംസ്ഥാന പൊതുമരാമത്ത് റോഡുകളുള്ളതും ആയതിനാലും നിലമ്പൂര്‍ സെക്ഷന്‍ ഓഫീസിന് വാഹനം നല്‍കുന്നതിനോ യാത്രാബത്ത അനുവദിക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസല്‍ സര്‍ക്കാരിന്റെ പരിഗണനയില്‍ ലഭിക്കുന്ന മുറയ്ക്ക് ഈവിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍